ജൂൺ,ജൂലൈ

# ശാരദ ദീപം

ശ്രീ ശാരദ ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ പുറനാട്ടുകര

https://schoolwiki.in/sw/77gt Email : srisaradaghss@gmail.com

## ശ്രീ ശാരദയിൽ പുതു അദ്ധ്യായം




ഒരു അവധിക്കാലത്തിനുശേഷം അറിവിന്റെ ലോകത്തേക്ക് കുതിക്കുന്ന വിദ്യർത്ഥികളുടെ പുതിയ ഒരു അധ്യായന വർഷത്തിന് തുടക്കം കുറിക്കുന്നതിന്റെ ഭാഗമായി ജൂൺ രണ്ടിന് പ്രവേശന ഉത്സവത്തോടെ വിദ്യാർഥികളെ വരവേറ്റു. പിടിഎ പ്രസിഡന്റ് കെ എസ് സുധീറിന്റെ അധ്യക്ഷതയിലാണ് യോഗം നടന്നത്. പൂജനീയ പ്രവ്രാജിക വിമല പ്രണാമ മാതാജി ദീപ ജ്വലനം നടത്തി പ്രവേശനോത്സവം അനുഗ്രഹീതമാക്കി. അടാട്ട് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സിമി അജിത് കുമാർ ഉദ്ഘാടനം നിർവഹിച്ചു.സ്കൂൾ മാനേജർ പൂജനീയ പ്രവ്രാജിക നിത്യാനന്ദ പ്രാണ മാതാജി, വാർഡ് മെമ്പർ പി എസ് കണ്ണൻ എം പി ഡി പ്രസിഡൻറ് സ്വപ്ന എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ സുധീർ പി കെ ആരോഗ്യ ബോധവൽക്കരണ ക്ലാസ് നടത്തി. കേരള പോപ്പുലർ അക്കാദമി അവാർഡ് ജേതാവും നാടൻപാട്ട് കലാകാരനുമായ പ്രമോദ് തുടിത്താളം നാടൻപാട്ട് അവതരണത്തിലൂടെ സദസിനെ സംഗീത സാന്ദ്രമാക്കി. പുതിയ കൂട്ടുകാരെ പരിചയപ്പെടുന്നതിനും അധ്യാപകരെ കാണുന്നതിനും ആയി കുട്ടികൾ ക്ലാസുകളിലേക്ക് തിരിച്ചു.

## വായനയാണ് ലഹരി

വായനയാണ് ലഹരി എന്ന മുദ്രാവാക്യം ഏറ്റെടുത്തുകൊണ്ട് ശ്രീ ശാരദയിൽ പൂർവാധികം ഭംഗിയോടെ ഈ വർഷവും വായനാദിനം ആചരിച്ചു. സ്കൂളിലെ പൂർവവിദ്യാർഥിനിയും എഴുത്തുകാരിയുമായ ഉമാദേവി എ ജി വായനാദിനം ഉദ്ഘാടനം ചെയ്തു. അതോടൊപ്പം വിദ്യാരംഗം കലാസാഹിത്യ വേദി ഉദ്ഘാടനവും നടന്നു. കവിത ശകലങ്ങൾ പാടിയും കഥകൾ പറഞ്ഞു വായന എങ്ങനെ ലഹരിയാക്കണമെന്ന് കുട്ടികളെ ബോധ്യപ്പെടുത്തി.' വായിച്ചു വളരുക ചിന്തിച്ചു വിവേകം നേടുക' പി എൻ പണിക്കരുടെ ഈ ആശയത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു. ശേഷം വായന ദിന പ്രതിജ്ഞ എല്ലാ കുട്ടികളും ഏറ്റുചൊല്ലി. പത്താം ക്ലാസിലെ ലക്ഷ്മി കെ.ബി പ്രശസ്ത സാഹിത്യകാരൻമാരെ പരിചയപ്പെടുത്തി. ആസ്വാദനക്കുറിപ്പ് അവതരിപ്പിച്ചു. ഏഴാം ക്ലാസിലെ മാളവികയുടെ കവിതാലാപനവും ഒമ്പതാം ക്ലാസിലെ കുട്ടികളുടെ നാടൻപാട്ട് അവതരണവും ഉണ്ടായി. വായനപക്ഷാചരണത്തിന്റെ ഭാഗമായി അസംബ്ലിയിൽ കുട്ടികൾ ആസ്വാദനക്കുറിപ്പുകൾ അവതരിപ്പിക്കുകയും സാഹിത്യകാരന്മാരെ കുറിച്ച് പരിചയപ്പെടുകയും ചെയ്തുവരുന്നു.



## പ്രകൃതിയോടിണങ്ങി.......

നാം ജീവിക്കുന്ന ചുറ്റുപാടിനെ കാത്തുസൂക്ഷിക്കേണ്ടത് നമ്മുടെ കർത്തവ്യമാണെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ജൂൺ 5ന് പരിസ്ഥിതി ദിനാചരണം നടന്നു. പ്ലാസ്റ്റിക് മലിനീകരണം ഇല്ലാതാക്കുക എന്നതായിരുന്നു ഈ വർഷത്തെ പ്രധാന ലക്ഷ്യം. അടാട്ട് ബാങ്ക് വൈസ് പ്രസിഡൻറ് പോൾസൺ പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട അറിവുകൾ കുട്ടികളിലേക്ക് പകർന്നു. നാം ചെയ്യുന്ന തെറ്റായ പ്രവർത്തികൾ നമ്മുടെ ചുറ്റുപാടിന് എങ്ങനെ ബാധിക്കുന്നുവെന്നും, പ്രകൃതി സംരക്ഷണത്തിന്റെ പ്രസക്തി എന്താണെന്നും അത് നമ്മെയും മറ്റു ജീവജാലങ്ങളെയും എങ്ങനെയെല്ലാം ബാധിക്കുന്നുവെന്നും ഇതിലൂടെ കുട്ടികൾക്ക് മനസ്സിലാക്കാൻ സാധിച്ചു. കൂടാതെ ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങളായ ലഹരിയുടെ വിപത്തും പ്രകൃതിയെ കാത്തു സൂക്ഷിക്കേണ്ടതിന്റെ മഹത്വവും ഓർമിപ്പിച്ചുകൊണ്ട് പ്രതിജ്ഞ കുട്ടികൾ ഏറ്റുചൊല്ലി. പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ ഗാനാലാപനം നടന്നു. ലയൺസ് ക്ലബ് അംഗങ്ങൾ കുട്ടികൾക്ക് ഔഷധ ചെടികൾ വിതരണം ചെയ്തു. ഫോറസ്റ്റ് ഓഫീസർ സതീഷ് കുമാർ സാർ വനസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ക്ലാസ് എടുത്തു.

## ലഹരിക്കെതിരെ കൈ കോർക്കാം..

ലഹരിയുടെ ഉപയോഗത്തിൽ നിന്നും പുതുതലമുറയെ രക്ഷിക്കുക എന്നതിന്റെ ഭാഗമായി സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് രൂപീകരണവുമായി ബന്ധപ്പെട്ട് പേരാമംഗലം സർക്കിൾ ഇൻസ്പെക്ടറും മറ്റ് പോലീസ് ഉദ്യോഗസ്ഥരും സ്കൂളിലേക്ക് എത്തിച്ചേർന്നു. വാർഡ് മെമ്പർ കണ്ണൻ ,പിടിഎ പ്രസിഡൻറ് സുധിർ, മറ്റ് പിടിഎ അംഗങ്ങൾ ,സ്റ്റാഫ് സെക്രട്ടറി ,പ്രധാനധ്യാപിക എസ് സിന്ധു, ഗൈഡ്സിലെയും ജെ ആർ സി യിലെയും കുട്ടികൾ, ഇതുമായി ബന്ധപ്പെട്ട ക്ലബ്ബുകളിൽ ഉള്ള വിദ്യാർത്ഥികൾ, സമീപവാസികൾ, സ്കൂളിന് സമീപമുള്ള വ്യാപാരികൾ, അധ്യാപകരായ എൻ അംബിക, കെ ഗീത, സി എസ് ജ്യോതിലക്ഷ്മി, പി എം സന്ധ്യ, തുടങ്ങിയവരും സ്കൂളിനെ പ്രതിനിധീകരിച്ചുകൊണ്ട് യോഗത്തിൽ പങ്കെടുത്തു.ഇതിൻറെ ഭാഗമായി എക്സൈസ് ഓഫീസർ രാജേഷ് നാരായണൻ കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ് നടത്തി. മദ്യവും അയക്കുമരുന്നും അല്ലാത്ത മൊബൈൽ ഫോൺ പോലെയുള്ള ലഹരികളെ കുറിച്ചും അതിനെ എങ്ങനെ മറികടക്കാം എന്നും അതിൽ വീഴാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ കുറിച്ചും കുട്ടികളെ ബോധവൽക്കരിച്ചു.റാബിസ് ബോധവൽക്കരണ ക്ലാസിലെ ഭാഗമായി അമല മെഡിക്കൽ കമ്മ്യൂണിറ്റി വിഭാഗം മെഡിസിൻ ഡോക്ടർ ജോസ്നാ മേനോൻ



ഹെൽത്ത്ഇൻസ്പെക്ടർ സുധീർ സാർ തുടങ്ങിയവർ ആരോഗ്യ ശീലങ്ങളെ കുറിച്ച് ക്ലാസ്സെടുത്തു.ലഹരി വിരുദ്ധ പ്രതിജ്ഞ കുട്ടികൾ ഏറ്റുചൊല്ലി ഹയർ സെക്കൻഡറി വിദ്യാർഥികളായ കീർത്തി ലക്ഷ്മിയും കൂട്ടുകാരും ലഹരിക്കെതിരെ നൃത്തരൂപം അവതരിപ്പിച്ചു.ലഹരി വിരുദ്ധ ദിന പ്രവർത്തനങ്ങളുടെ ഭാഗമായി ചിത്രരചന മത്സരവും നടത്തുകയുണ്ടായി.

## ആരോഗ്യത്തിന് സംഗീതവും യോഗയും

ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനവും ലോക സംഗീത ദിനവും ഒത്തുചേർന്ന വേളയിൽ മനസ്സിനും ശരീരത്തിനും ഒരുപോലെ ഗുണം ചെയ്യുന്ന യോഗയെ കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിന്റെ ഭാഗമായി, കുട്ടികൾ യോഗ അവതരിപ്പിച്ചു. ഇതുമായി ബന്ധപ്പെട്ട ക്ലാസ്സുകൾ നടത്തുകയും ചെയ്തു. സംഗീത ദിനവുമായി ബന്ധപ്പെട്ട അറിവുകൾ കുട്ടികളിലേക്ക് പകർന്നു. കുട്ടികൾ ഗാനാലാപനത്താലും സംഗീത ഉപകരണങ്ങളുടെ മധുരമാർന്ന സ്വരത്താലും സദസിനെ കൂടുതൽ സംഗീത സാന്ദ്രമാക്കി. അധ്യാപകരുടെ ഗാനാലാപനം കുട്ടികൾക്ക് കൂടുതൽ ഊർജ്ജമേകി.സംഗീതവും യോഗവും നമ്മുടെ ജീവിതത്തിൽ ഏതെല്ലാം വിധത്തിൽ പ്രയോജനപ്പെടുന്നുവെന്നും ഭാരതത്തിന്റെ സംഭാവനയായ യോഗയുടെ മഹത്വവും ഇതിലൂടെ കുട്ടികളിലേക്ക് എത്തിച്ചു.







**പി ടി എ ജനറൽബോഡി മീറ്റിങ്**
**ഓഗസ്റ്റ് 2 ശനിയാഴ്ച 2 മണിക്ക്**

# സ്കൂൾ കായികമേള
ആഗസ്റ്റ് 4,5,6

# സ്കൂൾ ശാസ്ത്രമേള
ആഗസ്റ്റ് 8 വെള്ളിയാഴ്ച

# പഠനയാത്രകൾ

## വിജ്ഞാൻ സാഗറിലേക്ക് ഒരു യാത്ര

ശാസ്ത്രീയമായ അവബോധം കുട്ടികളിൽ വളർത്തുന്നതിന്റെ ഭാഗമായി ശാസ്ത്ര സാങ്കേതിക മ്യൂസിയമായ വിജ്ഞാസാഗറിലേക്ക് യാത്ര നടത്തി.സ്ഥാപനത്തിൽ ഉള്ളവർ കുട്ടികളെയും അധ്യാപകരെയും വരവേറ്റു.



കുട്ടികളെ ഗ്രൂപ്പുകളാക്കി രണ്ടുമണിക്കൂറോളം ക്ലാസ്സ് എടുത്തു.അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ കുട്ടികളെ ബോധവൽക്കരിക്കാൻ പരീക്ഷണങ്ങളിലൂടെയും ക്ലാസുകളിലൂടെയും സാധിച്ചു. ഫെസിലിറ്റേഴ്സിന്റെ സൾഹായത്താൽ അവിടുത്തെ ഉപകരണങ്ങളുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കാൻ കുട്ടികൾക്ക് സാധിച്ചു.ഐഎസ്ആർഒ പവലിയൻ സന്ദർശിച്ചു.ശാസ്ത്രീയമായ കാര്യങ്ങളെ കുറിച്ചുള്ള കുട്ടികളുടെ താൽപര്യത്തെ വളർത്തിയെടുക്കാൻ പഠന യാത്രയിലൂടെ സാധിച്ചു.

## കൃഷിയെ അറിയാൻ കാർഷിക സർവകലാശാലയിലേക്ക്



പരിസ്ഥിതി സംരക്ഷണത്തിന് പ്രാധാന്യം മനസ്സിലാക്കുന്നതിന്റെ ഭാഗമായി കേരള കാർഷിക സർവകലാശാലയിലേക്ക് യാത്ര നടത്തി. പഠനയാത്രയുടെ ആദ്യഘട്ടം ഫ്ലോറി കൾച്ചർ സെക്ഷനിൽ ആയിരുന്നു. തുടർന്ന് ഉലറി കൾച്ചർ സെക്ഷനിലേക്ക് നീങ്ങി അവിടെനിന്ന് ഓരോ വിദ്യാർത്ഥികൾക്കും ചീര വിത്ത് കൈമാറി വീടുകളിൽ തന്നെ തങ്ങളാൽ കൃഷി ആരംഭിക്കാം എന്ന ആത്മവിശ്വാസം വിദ്യാർത്ഥികളിലേക്ക് ഇതിലൂടെ പകർന്നു. വിവിധതരം ഔഷധസസ്യങ്ങളും അവയുടെ ഗുണങ്ങളും ഉപയോഗങ്ങളും കുട്ടികളിലേക്ക് ഉലറികൾച്ചർ ഫാമിങ്ങിലേക്ക് പോയതിലൂടെ പലതരം പച്ചക്കറികളുടെ പുതിയ വെറൈറ്റികളെ പരിചയപ്പെടാൻ സാധിച്ചു. ശാസ്ത്രത്തെ കൃഷിയുമായി ബന്ധിപ്പിച്ച് ഉപയോഗപ്രദമായ അറിവുകൾ കുട്ടികൾക്ക് സ്വന്തമാക്കാൻ ഇതിലൂടെ സാധിച്ചു.

## ശ്രീ ശാരദയുടെ അഭിമാനം



സ്റ്റെം എജുക്കേഷൻ അധിഷ്ഠിതമാക്കി വിദ്യാർത്ഥികൾക്കായി നടത്തുന്ന പ്രതിഭാ പോഷൺ പരിപാടിയിലേക്ക് അലേഖ്യ ഹരികൃഷ്ണൻ തെരഞ്ഞെടുക്കപ്പെട്ടു. ജൂലൈ 18 19 20 തീയതികളിൽ തിരുവനന്തപുരം അഗ്രികൾച്ചറൽ കോപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ ക്ലാസ് നടന്നത്. ഓരോ ജില്ലയിൽ നിന്നും ഗിഫ്റ്റഡ് ചിൽഡ്രൻ വിഭാഗത്തിൽപ്പെട്ട നാലു കുട്ടികളെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. ഇവർക്ക് നവ സാങ്കേതിക വിദ്യകളിലാണ് പരിശീലനം നൽകിയത്.

## പൈ കൊണ്ട് ഒരു വലിയ പൈ



ഈ വർഷത്തെ പൈ ദിനാചരണത്തിൽ ഒരു പുതുമയുണ്ടായിരുന്നു. കുട്ടിക പൈയുടെ സ്റ്റിക്കറുകൾ ഉണ്ടാക്കി അതുകൊണ്ട് വലിയൊരു പൈ നിർമ്മിച്ചു എല്ലാ വിദ്യാർത്ഥികളും പൈ എന്ന് എഴുതിയ ബാഡ്ജുകൾ ധരിച്ചു പൈയുടെ പ്രാധാന്യത്തെക്കുറിച്ച് അസംബ്ലിയിൽ സംസാരിച്ചു.

## തിങ്കളും താരങ്ങളുമായ ശ്രീശാരദാ ഗേൾസ് സ്കൂൾ

ചാന്ദ്ര ദിനത്തോടനുബന്ധിച്ച് ആകർഷകമായ കൊളാഷ് നിർമ്മാണവുമായി ശ്രീ ശാരദാ ഗേൾസ് സ്കൂളിലെ മിടുക്കികൾ രംഗത്ത്. ജൂലൈ 21 ചാന്ദ്ര ദിനത്തോടനുബന്ധിച്ചാണ് ഈ കൊളാഷ് നിർമ്മാണം തുടങ്ങിയത്. സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർഥിനികളാണ് ഈ പരിപാടിക്ക് നേതൃത്വം നൽകിയത്. ക്ലാസ് തലത്തിൽ ജയിച്ചവർ സ്കൂൾ തലത്തിൽ സ്കൂളിന്റെ അഭിമാനമായി. സ്കൂളിലെ പല മിടുക്കികളും വിവിധ രംഗത്ത് അവരുടെ കഴിവ് തെളിയിച്ചിട്ടുള്ള വരാണ്. " ജയിക്കണമെന്നല്ല എല്ലാത്തിലും പങ്കെടുത്ത് അവയെ കുറിച്ച് കൂടുതൽ അറിയാണം എന്നാണ് ഞാൻ കുട്ടികളെ ഉപദേശിക്കുന്നത്. കുട്ടികൾ എന്നും സ്കൂളിന്റെ അഭിമാനമാണ് " പ്രധാനഅദ്ധ്യാപിക സിന്ധു എസ് അഭിപ്രാപ്പെട്ടു.

### അമ്പിളി അമ്മാവനൊരു കത്ത്

ശ്രീ ശാരദാ ഗേൾസ് സ്കൂളിലെ വിദ്യാർഥികൾ വിസ്മയത്തിന്റെ വർണ്ണപൊലിമയിൽ! പഠനവും വിനോദവും ഒരുമിപ്പിച്ച് കൊണ്ട് അദ്ധ്യാപകർ സംഘടിപ്പിച്ച മത്സരമാണിത്. കുട്ടികൾ ഈ മത്സരത്തിൽ ആവേശഭരിതരായിരുന്നു. വിദ്യാർഥികൾ വിവിധ തരത്തിൽ ഉള്ള കഥകളും കാര്യങ്ങളും ഈ കത്തുകളിൽ പങ്കുവെച്ചിരുന്നു.

### അമ്പിളി മാമനെ അറിഞ്ഞ് കുഞ്ഞു മിടുക്കികൾ


ചന്ദ്രനെ കുറിച്ച് ഗൗരവമായി ചർച്ച ചെയ്തും ചോദ്യങ്ങളിലൂടെ ഉത്തരം ആരാനും ശ്രീ ശാരദാ ഗേൾസ് സ്കൂളിലെ വിദ്യാർഥികൾ ചാന്ദ്ര ദിന ക്വിസ് മത്സരത്തിൽ പങ്കെടുത്തത് അമ്പത്തോളം വിദ്യാർഥികൾ മൂന്നിലധികം റൗണ്ടുകൾ വഴിയാണ് വിജയിയെ തിരഞ്ഞെടുത്തത്. തങ്ങളുടെ കുട്ടികളുടെ എല്ലാ വിജയങ്ങളിലും സന്തോഷമുണ്ടെന്ന് മാനേജർ പ്രവ്രാജിക നിത്യാനന്ദപ്രാണ മാതാജി.



## അഭിരുചി പരീക്ഷ

2025-28 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ 2024 ജൂൺ ഇരുപത്തിയഞ്ചിന് നടന്ന സോഫ്റ്റ്‌വെയർ അധിഷ്ഠിത അഭിരുചി പരീക്ഷയിലൂടെ തിരഞ്ഞെടുക്കപ്പെട്ടു. രജിസ്റ്റർ ചെയ്ത 75 കുട്ടികളിൽ 74പേർ പരീക്ഷയെഴുതുകയും71 പേർ അർഹത നേടുകയും ചെയ്തു.

## ബഷീർ ദിനം



ഈ വർഷത്തെ ബഷീർ അനുസ്മരണം വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ പൂർവാധികം ഭംഗിയായി നടത്തുകയുണ്ടായി. ഉപന്യാസം മത്സരം ആസ്വാദനക്കുറിപ്പ്, പ്രശ്നോത്തരി, ബഷീർ കൃതികളിലെ നർമ്മം തുടങ്ങി വിവിധതരം മത്സരങ്ങൾ സംഘടിപ്പിച്ചു.




## ഉച്ചഭക്ഷണത്തിനായി പുതിയ മെനു

എല്ലാ വെള്ളിയാഴ്ചകളിലും കുട്ടികൾക്ക് വെജിറ്റബിൾ ബിരിയാണി നൽകാൻ തീരുമാനിച്ചു. സ്കൂൾ മാനേജർ പ്രവ്രാജിക നിത്യാനന്ദ പ്രാണ മാതാജിയാണ് ഇതിനു മുൻകൈയെടുത്തത്.

## മോക്ക് ഡ്രിൽ... മോക്ക് ഡ്രിൽ...



അപകടങ്ങൾ ഉണ്ടാവുകയാണെങ്കിൽ കെട്ടിടങ്ങളിൽ നിന്ന് എങ്ങനെ രക്ഷപ്പെടാം എന്ന് പഠിപ്പിക്കുന്നതിന്റെ ഭാഗമായി കുട്ടികൾക്ക് മോക്ഡ്രിൽ നടത്തുകയുണ്ടായി.എല്ലാ കുട്ടികളും അവർക്ക് നിർദ്ദേശിച്ചിരിക്കുന്ന വഴികളിലൂടെ സുരക്ഷിതമായി നിശ്ചിത സമയത്തിനുള്ളിൽ ഗ്രൗണ്ടിലേക്ക് എത്തി.

